



# Weekend Bulletin
## Knanaya Catholic Mission, Chicago
April 09, 2006, Vol. 1, Issue 28
www.knanayamission.org/chicago/bulletin.htm




Jesus' entry into Jerusalem



ചിക്കാഗോ ക്നാനായ കാത്തലിക് മിഷൻ പ്രസിദ്ധീകരിച്ച ക്നാനായ കുടിയേറ്റ ഗാനങ്ങൾ സി.ഡി. യുടെ പ്രകാശനം കോട്ടയത്ത് ആർച്ചുബിഷപ്പ് മാർ മാത്യു മൂലക്കാട്ട് നിർവ്വഹിച്ചപ്പോൾ. റവ. ഡോ. ജേക്കബ് വെള്ളിയാനാണ് കോപ്പി ഏറ്റുവാങ്ങുന്നത്. ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരിയാണു സമീപം.



നീണ്ടൂർ പള്ളി വികാരി റവ. ഫാ. ജേക്കബ് കുറുപ്പിനകത്ത് വാർഷിക ധ്യാനം നയിച്ചപ്പോൾ കമ്മ്യൂണിറ്റി സെൻററിലെ നിറഞ്ഞുകവിഞ്ഞ സദസ്സ്.





## CONTACT INFORMATION

**MISSION DIRECTOR**
Fr. Abraham Mutholath
5212 W. Agatite Ave
Chicago, IL 60630.
(773) 412-6254
(773) 286–2556
E-mail: mutholath2000@yahoo.com
www.knanayamission.org/chicago

**BULLETIN EDITOR**
Mathachen Chemmachel
(708) 557-1907

**TRUSTEES**
**Chicago**: Saji Poothrukayil
(847) 293-9409
Sunny Thekkeparambil
(847) 673-6586
**Addison**: James Manjankal
(630) 758-1716
Baby Karikkal, (630) 379-8622

**SECRETARY & PRO**
George Thottappuram
(847) 975-9239

**FINANCE**
**Chicago**: John Elakkatt
**Addison**: Kurian Nellamattam

**RELIGIOUS EDUCATION**
**Chicago**: Johny Thekkeparambil
(847) 533-8520
Secretary: Anna Kulangara
**Addison**: Tonny Pullappally
(630) 205-5078
Secretary: Veena Jose Kaniyaly

**CHILDREN MINISTRY**
**Chicago**: Bino Machanikkal
Saly Kizhakkekuttu
**Addison**: Tesa Thannikari
Ashley Varakalayil

**TEENS MINISTRY**
**Chicago**: Tito Kandarappally
Lissy Thottapuram
**Addison**: Sabu Mutholam
Justin Kalappurackal

**YOUTH MINISTRY**
**Chicago**: Mary Alumkal
Tessy Jose Njaravelil
**Addison**: Tessy Kanjirathumkal
Tomy Kunnassery

**ADULT MINISTRY**
Jose Thazhathuvettathu

**WOMEN MINISTRY**
Mercy Idiyalil, Gracy Vachachira

**SENIOR CITIZENS MINISTRY**
Joy Choottuvelil, Joy Nediyakalayil
Joy Chemmachel

## SATURDAYS

St. Joseph Church School Hall
330 E. Fullerton Ave, Addison, IL 60101

Religious Education
3:45 P.M. to 4:45 P.M.
Holy Mass @ 5:00 P.M.

Youth Seminars on First Saturdays
2:45 P.M. to 4:45 P.M.
English Mass in Syro-Malabar Rite
First Saturdays @ 5:00 P.M.

## SUNDAYS

Our Lady of Victory (OLV) Church
5212 W. Agatite Ave, Chicago, IL 60630

Religious Education
4:00 P.M. to 5:00 P.M.
Holy Mass @ 5:30 P.M.

Youth Seminars on First Sundays
3:00 P.M. to 5:00 P.M.

## NOVENA TO OUR LADY OF PERPETUAL HELP

Saturdays after Holy Mass at St. Joseph Church, 330 E. Fullerton Ave, Addison.

## NOVENA TO ST. JUDE

Thursdays at 7:00 P.M. with Holy Mass and Benediction at Community Center,
5110 N. Elston Ave, Chicago, IL 60630.

**April 2006**

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |
| 30 | | | | | | |

# Schedule of Events

SATURDAY, APRIL 08, 2006
Youth Seminar at Addison from 2:45 P.M. to 4:45 P.M.
Religious Education Class at Addison from 3:45 P.M. to 4:45 P.M.
PALM SUNDAY Service at Addison at 5:00 P.M.

PALM SUNDAY, APRIL 09, 2006
Youth Seminar at OLV Chicago from 3:00 P.M. to 5:00 P.M.
Religious Education Class at OLV from 3:00 P.M.
PALM SUNDAY Service at OLV starting from School Hall at 5:00 P.M. followed by procession to church continuing with Holy Mass.

MONDAY, APRIL 10, 2006
Meeting of Fund Raising Committee at Community Center at 6:30 P.M.

HOLY THURSDAY, APRIL 13, 2006
PASSOVER at OLV Upper Church / School Hall at 9:00 P.M. followed by Passover Meal at School Hall.
No Novena at Community Center Today.

GOOD FRIDAY, APRIL 14, 2006
Pilgrimage from Community Center at 9:30 A.M. to Carmelite Fathers, 1628 Ridge Road, Munster, Indiana 46321 for Stations of the Cross.
Confession, Message by Fr. Joy Cherpunkal OCD for adults and Fr. James Kulangara for children, and Stations of the Cross at Indiana for Adults and Religious Education Students. Lunch at Community Center.

GOOD FRIDAY SERVICE AT OLV Upper Church at 9:00 P.M.

HOLY SATURDAY, APRIL 15, 2006
No Mass and Religious Education Class at Addison today
EASTER MASS at OLV Upper Church at 10:30 P.M.

EASTER SUNDAY, APRIL 16, 2006
No Mass and Religious Education Class today.

THURSDAY, APRIL 19, 2006
Mass, Novena, and Benediction at Community Center at 7:00 P.M.

FRIDAY, APRIL 21, 2006
Women Ministry Seminar on Women Development at Community Center at 6:30 P.M.

# MISSION DIRECTOR'S COLUMN

## എൻെറ വിശുദ്ധവാര ദുഃഖം



ഓശാന തിരുന്നാൾ ആചരിച്ചുകൊണ്ട് വിശുദ്ധ വാരാചരണത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. ഇസ്രായേൽ ജനത്തെപ്പോലെ ദൈവാലയ കേന്ദ്രീകൃതമായിരുന്നു ഈശോയുടെ ജീവിതം. ഉണ്ണീശോയെ മാതാപിതാക്കൾ ദൈവാലയത്തിൽ കാഴ്ച്ചവച്ചതും പന്ത്രണ്ടാം വയസ്സിൽ ഈശോയെ ദൈവാലയത്തിൽ കാണാതെ പോയതും മുതൽ ഈശോയുടെ പരസ്യ ജീവിതകാലത്തെ പല ദൈവാലയ സന്ദർശനങ്ങളും നാം ബൈബിളിൽ വായിക്കുന്നുണ്ട്. ദൈവാലയത്തിൽ ഈശോ നടത്തിയ അവസാന സന്ദർശനത്തിൽ ഈശോയ്ക്കു ലഭിച്ച വലിയ വരവേല്പാണ് നാമിന്ന് അനുസ്മരിക്കുന്നത്.

ഈശോയുടെ അന്ത്യാത്താഴവും ശിഷ്യരുടെ പാദങ്ങൾ കഴുകി ക്രൈസ്തവ ശുശ്രൂഷയുടെ മാതൃക നല്കിയതും എന്നും നമ്മോടൊത്തായിരുന്ന് തൻെറ ബലി ലോകാന്ത്യംവരെ ആവർത്തിക്കുവാൻ പരിശുദ്ധ കുർബാന സ്ഥാപിച്ചതുമാണ് പെസഹാ വ്യാഴാഴ്ച നാം അനുസ്മരിക്കുക. അന്ന് നാമൊരു കുടുംബം എന്ന ചിന്തയോടെ പെസഹാ അപ്പവും പാലും പള്ളിയിൽ കൊണ്ടുവന്ന് നമ്മുടെ മുതിർന്നവരെക്കൊണ്ടു മുറിപ്പിച്ച് നാം സ്നേഹവിരുന്നനുഭവിക്കുവാൻ പദ്ധതിയിട്ടിട്ടുണ്ട്. അതിനു നിങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

കർത്താവിൻെറ പീഢാനുഭവത്തിൻെറയും കുരിശുമരണത്തിൻെറയും അനുസ്മരണയാണല്ലോ ദുഃഖവെള്ളിയാചരണം. വഴി നാം നടത്തുക. ഇൻഡ്യാനായിൽ വച്ചു നടത്തുന്ന കുരിശിൻെറ വഴിയിൽ കുട്ടികൾ സഹിതം എല്ലാവരും പങ്കെടുക്കുവാൻ ശ്രദ്ധിക്കണം. കുമ്പസാരത്തിനുള്ള അവസരവും കുട്ടികൾക്ക് ഇംഗ്ലീഷിലും മുതിർന്നവർക്കു മലയാളത്തിലും പ്രസംഗവും അവിടെ ഉണ്ടായിരിക്കും.

ഞാൻ ഏറെ ശ്രമിച്ചിട്ടും ഈ വിശുദ്ധ വാരത്തിലെ തിരുക്കർമ്മങ്ങൾക്ക് നമുക്കേവർക്കും സൗകര്യപ്രദമായ സമയവും സ്ഥലവും ലഭ്യമാക്കാൻ സാധിക്കാത്തതിൽ ഞാൻ ദുഃഖിതനാണ്. ജനസംഖ്യപ്രകാരം ലോകത്തിലെ ഏറ്റം വലിയ ക്നാനായ ആരാധനാ സമൂഹമാണു നാം. കോട്ടയം അതിരൂപതയിൽ പോലും ഇത്രവലിയ ഇടവക സമൂഹമില്ല. പക്ഷേ നമുക്കിന്നും ആരാധിക്കാൻ ഒരു പള്ളിയില്ല. അമേരിക്കക്കാരുടെ ഔദാര്യം കൊണ്ടു വാടകയ്ക്കു ലഭിച്ച പള്ളികളിലാകട്ടെ പാർക്കിംഗിൻെറ അസൗകര്യം മൂലം അവരുടെ തിരുക്കർമ്മങ്ങൾക്കുശേഷമേ നമുക്കു പള്ളിയോ ബേസ്മൻറ് ഹോളോ ലഭിക്കൂ. ജനാവലി തിങ്ങിനിറഞ്ഞ ഇപ്രാവശ്യത്തെ ഹൃദയ സ്പർശിയായ വാർഷിക ധ്യാനം പള്ളിയിൽ നടത്താൻ സാധിച്ചിരുന്നെങ്കിൽ! ഞയറാഴ്ച രാവിലെയും നമുക്കു കുർബാനയും വേദപാഠവും നടത്തുവാൻ കഴിഞ്ഞിരുന്നെങ്കിൽ!

നമ്മുടെ ചിതറിയ മനസ്സുകൾ ഒന്നിച്ച്, സന്മനസ്സോടെ പങ്കുവച്ച്, കോട്ടയം അതിരൂപതയ്ക്കു വെളിയിലെ പ്രഥമ ദൈവാലയം സ്ഥാപിക്കുവാൻ നമുക്കു കൈകോർക്കാം. അതിനു ദൈവകൃപക്കായി തീക്ഷണതയോടെ നമുക്കു പ്രാർത്ഥിക്കാം. ദൈവം നമുക്കു തന്ന സാമ്പത്തിക നേട്ടങ്ങളിൽനിന്ന് ഉള്ളു തുറന്ന് ദൈവസന്നിധിയിൽ കാണിക്കനല്കി ഈ ദൈവാലയ സ്ഥാപനത്തിൽ നമുക്കു പങ്കുചേരാം.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്.

## നുറുങ്ങുവെട്ടം

**ദൈവം തന്നതിൽനിന്ന്**
**ദൈവാലയത്തിനുനല്കാതെ**
**പണം പിടിച്ചുവച്ചാൽ**
**ദൈവത്തിനു പ്രീതികരമാകുമോ?**






## ദൈവലയ കൂദാശ ജൂലൈ 15ന്

***ദൈവം അനുവദിച്ചാൽ നാം വാങ്ങുവാനുദ്ദേശിക്കുന്ന ദൈവാലയം ജൂലൈ 1 മുതൽ നമുക്കു സ്വന്തമാകും. അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തായുടെ സൗകര്യാർത്ഥം ജൂലൈ 15–നാണ് പള്ളികൂദാശ ഉദ്ദേശിക്കുന്നത്. ജൂലൈ 15, 16 തീയതികൾ ജോലിയിൽനിന്ന് ഒഴിവെടുക്കുവാൻ ശ്രദ്ധിക്കുക.***

***നമ്മൾ ഉദ്ദേശിച്ചതിനേക്കാൾ ധൃതഗതിയിൽ ദൈവാലയ നിർമ്മാണ ഫണ്ടിലേക്കു സംഭാവന ലഭിക്കുന്നുണ്ട്. എങ്കിലും ജൂൺ 15നകം ഒന്നര മില്യൺ ഡോളർ നാം സമാഹരിക്കണം. പിരിവിനുള്ള കമ്മറ്റിക്കാർ നിങ്ങളെ സമീപിക്കും. അതുവരെ കാത്തിരിക്കാതെ എല്ലാവരും ഒന്നിച്ചോ തവണകളായോ ദൈവാലയത്തിൽ കൊണ്ടുവന്നു ദൈവത്തിനു കാഴ്ചയായി സംഭാവന സമർപ്പിക്കുക. സഹകരിച്ചുകൊണ്ടിരിക്കുന്നവർക്ക് പ്രത്യേകം നന്ദി.***

***എന്ന് മിഷൻ ഡയറക്ടർ***

| RETREAT ACCOUNTS | |
|---|---|
| Total Collection from participants | 6,580.25 |
| Retreat Expenses | 3,500.00 |
| To Building Fund via Women Ministry | 3,080.25 |

*Thank you for your support.*
*Special thanks to Women Ministry members who have provided food for retreat and saved $3,080.25 for our Church Building Project.*

# Weekly Collections

| | |
|---|---|
| April 2nd at OLV Chicago | 577.10 |
| Women Ministry by Retreat for Building Fund | 3,080.25 |
| Building Fund Collection at on April 2 | 12,125.00 |
| Balance in Church Building Fund | 239,223.49 |

*You may contribute every weekend after Holy Mass.*
*Thank you for your support.*

# സമുദായ വളർച്ചക്ക് ക്നാനായ ഇടവക അനിവാര്യം



**ജോസ് കണിയാലി**

അമേരിക്കയിൽ ക്നാനായ മിഷന് ആദ്യമായി സ്വന്തം ദേവാലയം ഉണ്ടാകുവാൻ പോകുന്നു. അത് ചിക്കാഗോയിലാണെന്നുള്ളതിൽ ചിക്കാഗോ ക്നാനായ സമൂഹത്തിന് അഭിമാനിക്കാം. ക്നാനായ സമുദായത്തിന്റെ സഭാഘടകത്തിൽ നാം വിഭാവന ചെയ്യുന്ന വളർച്ചയും പുരോഗതിയും കൈവരിക്കുന്നതിന്റെ ആദ്യപടിയായി ഇതിനെ വിശേഷിപ്പിക്കാം. കത്തോലിക്കാ സഭയുടെ അധികാര ശ്രേണിയിലെ ഏറ്റവും അടിസ്ഥാന ഘടകമാണ് ഇടവക. ഇടവക വികാരിയുടെ കീഴിൽ ആരാധനാ സമൂഹമായി ജീവിക്കുകയും വിശ്വാസത്തെ പരിപോഷിപ്പിക്കുകയും ചെയ്യുമ്പോഴാണ് സഭക്കും സമുദായത്തിനും വളർച്ചയുണ്ടാകുന്നത്. സഭാ മാതാവ് ആഗ്രഹിക്കുന്ന വളർച്ചയാണിത്.

ക്നാനായ സമുദായം ഒരു സ്വയാധികാര സഭയായി വളരുന്നതിന്റെ ആദ്യപടിയാണ് സഭാഘടകങ്ങളുടെ വളർച്ചയും പുരോഗതിയും. കേരളത്തിൽ കൊടുങ്ങല്ലൂരു താമസമുറപ്പിച്ചപ്പോൾ തന്നെ നാം സ്വന്തമായി ദേവാലയം പണിത് ആരാധന സമൂഹത്തിന്റെ ഐക്യം ആരംഭിച്ചത് ശ്രദ്ധേയമാണ്. കേരളത്തിൽ 1911ൽ സ്വന്തമായ രൂപത കിട്ടുന്നതിന്റെ അടിസ്ഥാന ഘടകങ്ങളിൽ ഏറ്റവും പ്രധാനമായി നിന്നത് നമുക്ക് വിവിധ പ്രദേശങ്ങളിൽ ഇടവകകളും വികാരിമാരും ഉണ്ടായിരുന്നുവെന്നതാണ്.

**വടക്കേ അമേരിക്കൻ ക്നാനായ സമുദായ ചരിത്രത്തിൽ ഏറ്റവും സുപ്രധാന വഴികാട്ടിയായി ചിക്കാഗോ ക്നാനായ സമൂഹം എക്കാലവും ഓർമ്മിക്കപ്പെടും. മറ്റ് പല സമുദായങ്ങൾക്കും സ്വന്തമായ പള്ളികൾ ഉള്ളപ്പോൾ, നമുക്കു മാത്രം ആ സംവിധാനം ഇല്ലെന്നുള്ളത് ഒരു കുറവു തന്നെയായിരുന്നു. ആ കുറവാണ് നാം പരിഹരിക്കുവാൻ പോകുന്നത്.**

ചിക്കാഗോയിൽ ഇതിനോടകം തന്നെ ഇടവകയുടെ ആദ്യന്തരഘടന നാം കൈവരിച്ചുകഴിഞ്ഞു. വിശ്വാസ പരിശീലനം വളരെ വ്യവസ്ഥാപിതമായി നടത്തുവാൻ നമുക്ക് ഇന്ന് സാധിക്കുന്നുണ്ട്. നമ്മുടെ യുവജനങ്ങൾ തന്നെ നമ്മുടെ കുട്ടികളെ വേദപാഠം പഠിപ്പിക്കുന്നത് എത്രയോ ആവേശകരമായ കാര്യമാണ്.

അടുത്ത തലമുറ നമുക്ക് നഷ്ടപ്പെടാതിരിക്കണമെങ്കിൽ ഇടവക സംവിധാനം ഇവിടെ ഫലപ്രദമാകണം. ഇടവകയിൽ നടക്കുന്ന തിരുനാളുകൾ, നൊവേന, ധ്യാനം, ഭക്തസംഘടനാപ്രവർത്തനം, ജീവകാരുണ്യപ്രവർത്തനം, മതബോധനം ഇതെല്ലം ക്നാനായ സമൂഹത്തെ ഒരു വിശ്വാസ സമൂഹമായി വളർത്തിയെടുക്കുവാൻ വളരെ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു.

ക്നാനായ മിഷന്റെ ആഭിമുഖ്യത്തിൽ കെ.സി.എസ്. കമ്മ്യൂണിറ്റി സെന്ററിൽ നടന്ന ധ്യാനത്തിൽ ഉണ്ടായിരുന്ന നിറഞ്ഞ ജനപങ്കാളിത്തം ആദ്ധ്യാത്മിക നവോത്ഥാനത്തെ ത്വരിതപ്പെടുത്തുവാൻ സഹായിച്ചു. ഭൗതീകതയുടെ അതിപ്രസരങ്ങളിൽ നിന്നും ആത്മീയതയുടെ വിശുദ്ധിയും ഭദ്രതയും കൈവരിക്കുന്നതിന് ഇടവക സംവിധാനം വളരെ അനിവാര്യമാണെന്ന് കാണാം.

കാലക്രമേണ നമ്മുടെ ഇടവക അമേരിക്കയിലെ ക്നാനായ രൂപതയുടെ ആസ്ഥാനമായി വളരട്ടെ എന്നാശംസിക്കുന്നു. ചുരുക്കത്തിൽ അമേരിക്കയിലുള്ള ക്നാനായ സമുദായത്തിന് ഒരു സ്വയാധികാര സഭയായി വളരുവാനുള്ള അടിസ്ഥാന സൗകര്യമാണ് നാം ഇപ്പോൾ ഒരുക്കിക്കൊണ്ടിരിക്കുന്നത്. ഈ സംരംഭത്തിൽ ദീർഘവീക്ഷണത്തോടെ സഹകരിക്കുവാൻ ഏവരും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും സഭാ സാമുദായിക തലങ്ങളിൽ വ്യക്തമായി ദിശാബോധം പകർന്നു നൽകി സമുദായ വളർച്ചയുടെ അടിസ്ഥാന ഘടകമായി നിലകൊള്ളുവാൻ ക്നാനായ ഇടവകക്ക് കഴിയട്ടെ എന്നാശംസിക്കുന്നു.

ഈ സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ കഠിനാദ്ധ്വാനം ചെയ്യുന്ന മിഷൻ ഡയറക്ടർ ഫാ. അബ്രഹാം മുത്തോലത്തിനേയും മത്തച്ചൻ ചെമ്മാച്ചേലിന്റെ നേതൃത്വത്തിലുള്ള ഫണ്ട് റെയിസിംഗ് കമ്മറ്റിയേയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ചരിത്രത്തിൽ സ്ഥാനം പിടിക്കുവാൻ പോകുന്ന പുതിയ ഇടവകക്ക് സാമ്പത്തിക സഹായം നൽകി വിശ്വാസ സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ അണിനിരക്കുവാനും പങ്കാളികളാകുവാനും നമുക്ക് പരിശ്രമിക്കാം.




## DRESS CODE FOR FIRST HOLY COMMUNION RECEPIENTS

BOYS: Black pants, full sleeve white shirt with red tie, black suit and black dress shoe.
GIRLS: White communion dress, net with crown and a white bouquet.

*Religious Education School will provide rosary, scapular, crowns for boys and girls, holy communion pins for boys, and holy communion pendant for girls.*

# ഇത് പുരോഗതിയിലേക്കുള്ള പടവൊരുക്കം

വളരെയധികം സന്തോഷത്തോടെയാണ് ആ വാർത്ത കേട്ടത്. കെ.സി.എസി.ൻെറ ജനറൽ ബോഡി കൂടുകയും പള്ളിയുമായി സഹകരിച്ച് ഒന്നായി മുന്നോട്ട് പോകണമെന്ന് ഏകകണ്ഠമായി ജനറൽ ബോഡി തീരുമാനിച്ചുവെന്നും അറിഞ്ഞപ്പോൾ ഉണ്ടായ സന്തോഷത്തിന് അതിരില്ല. ഇത് മാറ്റത്തിൻെറ തുടക്കമാണ്. വലിയൊരു വിജയം. ഈ നല്ല തുടക്കം എല്ലാ മേഖലയിലേയും മഞ്ഞുരുക്കത്തിന് വഴിവെക്കും.

നിസ്സഹരണത്തിൻെറയും അർത്ഥശൂന്യമായ ഭിന്നിപ്പിൻെറയും നാളുകൾ അവസാനിക്കുകയാണ്. മൂടൽ മഞ്ഞിനുമേലേ കർമ്മ സൂര്യൻെറ ഊർജ്ജം പുതിയൊരു ചലനം ചെലുത്തും. ഇനി ഐക്യത്തിൻെറ നാളുകളാണല്ലോ. ഭിന്നിച്ച സ്വരത്തിനും പ്രവർത്തിക്കും ഒരു കാലത്തും വിജയം ഉണ്ടാവുകയില്ല. മാത്രമല്ല അത് ആർക്കും ഗുണകരമാവുകയുമില്ല.

ഈ യോജിപ്പിൻെറ സ്വരം കേട്ടപ്പോൾ ഓർമ്മയിൽ വന്നത് വലയിൽ വീണ പക്ഷിയുടെ കഥയാണ്. വേടൻ ഒരുക്കിയ വലക്കെണിയിൽ വീണ അനേകം പക്ഷികൾ അവന് ഇരയായിട്ടുണ്ട്. വീണവരെല്ലാം തന്നെ തങ്കാര്യക്കാർ. തങ്ങൾ എന്നോ തങ്ങൾക്കെന്നോ ഉള്ള ഐക്യബോധമുള്ളവരായിരുന്നില്ല അവർ. അതായിരുന്നു കാട്ടാളനുള്ള വിജയവും. പതിവുപോലെ കുറെ കിളികൾ ഇത്തവണയും വലയിൽപ്പെട്ടു. ഒറ്റതിരിഞ്ഞവർ, തൻ കാര്യക്കാർ. വേടൻ തീ കൂട്ടുന്നു. കത്തിക്കു മൂർച്ചവരുത്തുന്നു. എന്തു ചെയ്യും?

അവർ ആലോചിച്ചു. ഒറ്റയാവുകയല്ല, ഒന്നാവുകയാണ് വേണ്ടത്. അവർ ഒന്നായി, ഒരു ശക്തിയായി, ഒന്നിച്ചു പറന്നുയർന്നു. വേടൻെറ വല കീറി. പക്ഷികൾ രക്ഷപ്പെട്ടു. തനിക്കു താൻ മാത്രം എന്ന ഭിന്നസ്വരത്തിൽ അവർ നിന്നിരുന്നെങ്കിൽ എന്തായിരുന്നു ഗതി? ഒരുമയാണ് എന്നും ശക്തി.

ഇവിടെ ഈ ഐക്യം സ്ഥാപിച്ചെടുക്കുവാൻ മുന്നോട്ടു വന്ന കെ.സി.എസ് എക്സിക്യൂട്ടീവിനും അംഗങ്ങൾക്കും അഭിമാനിക്കാം. അവരോട് ഒരു സമൂഹം മുഴുവൻ നന്ദിയുള്ളവരാകും. കെ.സി.സി.എൻ.എ. യുടെ എക്സിക്യൂട്ടീവും ചർച്ച് അഫേഴ്സ് കമ്മറ്റിയും ഒന്നിച്ച് അങ്ങാടിയത്തു പിതാവിനെ തങ്ങളുടെ പിതാവായി അംഗീകരിച്ചതും, പിതാവിനെ പോയി കണ്ട് സംസാരിച്ചതും പുരോഗതിയിലേക്കുള്ള കാൽ വെയ്പ്പായും എല്ലാം നല്ല ദിശയിലേക്കുള്ള സൂചനയായും കാണുന്നു. ഇതെല്ലാം ശ്ളാഘനീയം തന്നെ. ഇതിനെല്ലാം ചുക്കാൻ പിടിച്ച കെ.സി.സി.എൻ.എയുടെ നേതൃത്വത്തിനും ചർച്ച് അഫേഴ്സ് കമ്മറ്റിക്കും അഭിമാനിക്കാം. ഒരു സമൂഹത്തിൻെറ ഉന്നമനത്തിനുവേണ്ടി ഇത്ര കണ്ട് കരുത്തുള്ള തീരുമാനം എടുത്ത് പ്രവർത്തിഫലത്തിലെത്തിക്കുവാൻ ആയല്ലോ.

സഭയും സമുദായവും ഒരേ പാതയിൽ ഒന്നിച്ച് മുന്നോട്ടു പോയാലെ നമുക്കു ഇനിയും വളരുവാൻ സാധിക്കുകയുള്ളൂ എന്ന ബോദ്ധ്യമാണ് ഇങ്ങനെയൊരു ഐക്യത്തിനും തീരുമാനത്തിനും ഈ നേതൃത്വങ്ങളെ പ്രേരിപ്പിച്ചതെന്നറിയാം. അത്തരം നേതൃത്വങ്ങൾക്കു മാത്രമേ പുരോഗതി ഉണ്ടാക്കുവാനും സാധിക്കുകയുള്ളൂ.

മിഷൻെറ നേതൃത്വത്തിൽ പള്ളി വാങ്ങണമെന്നും അതുമായി സഹകരിക്കണമെന്നും സമുദായ അംഗങ്ങൾ ഏകകണ്ഠേന തീരുമാനം എടുത്തപ്പോൾ അത് നടപ്പിലാക്കുവാൻ, എല്ലാവരേയും സഹകരിപ്പിച്ചുകൊണ്ട് ഒരു വലിയ കമ്മറ്റി രൂപീകരിച്ചു പ്രവർത്തിക്കുവാൻ തയ്യാറായ മിഷൻ നേതൃത്വം പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

**നിസ്സഹരണത്തിൻെറ പേരിൽ ഭിന്നിച്ചു മടിച്ചു നിന്ന സഹോദരങ്ങൾക്ക് ഈ പുതിയ തീരുമാനങ്ങളും നീക്കങ്ങളും സഭക്കൊപ്പം നിന്നു പ്രവർത്തിക്കുവാനുള്ള വഴി**



ജോയി ചെമ്മാച്ചേൽ

**തുറന്നിരിക്കുകയാണ്. അവർ തമ്മിൽ സന്തുഷ്ടരാണെന്നറിയുമ്പോൾ വലിയ പ്രത്യാശയും സന്തോഷവും ഉണ്ട്.**

**ഇനിയും വരും കാലങ്ങൾ പ്രവർത്തനങ്ങളുടേയും പുരോഗതിയുടേയും കാലമാവണം. ഭിന്നസ്വരങ്ങൾക്ക് ഇനിയും സ്ഥാനമില്ല. ഒന്നായി പ്രവർത്തിക്കുക എന്നത് യോജിപ്പിൻെറ വഴിയാണ്. മതപരമായ കാര്യങ്ങളിലും അചാരങ്ങളിലും നിഷ്ഠയുള്ള സമുദായത്തെ വാർത്തെടുക്കണം. വേദപഠന ക്ലാസുകളും ഭക്തസംഘടനകളും സജീവമാകണം. നമ്മുടെ സമൂഹത്തെ ആദ്ധ്യാത്മിക ചിന്തയുള്ളവരാക്കുവാൻ പ്രവർത്തിക്കണം.**

ക്നാനായ പാരമ്പര്യം അനുസ്സരിച്ച് സഭയോടൊത്ത് ഇനിയും സഞ്ചരിക്കുവാൻ നമുക്ക് ഈശ്വരൻ കഴിവും ചിന്തയും തരട്ടെ. ഈ ഒരുമയുടെ സ്വരം ഒരിക്കലും ഇടറിക്കൂടാ. ഐക്യത്തിൻെറ വഴിയിലൂടെയുള്ള ഈ വളർച്ച ശോഭനമായ ഒരു സഭക്കും സമൂഹത്തിനും വഴിതെളിക്കും എന്നു പ്രത്യാശിക്കുന്നു. എന്തായാലും ഈ തീരുമാനവും മുന്നേറ്റവും സ്വാഗതാർഹമാണ്. **ഇത് പുരോഗതിയിലേക്കുള്ള പടവൊരുക്കം** തന്നെ.



**ചിക്കാഗോ ക്നാനായ കാത്തലിക് മിഷൻെറ ധനശേഖരണാർത്ഥം മിഷൻെറ വിമൻ മിനിസ്റ്റ്റി സംഘടിപ്പിക്കുന്ന അപൂർവ്വ കലാസന്ധ്യ**

# പാടുന്ന അച്ചൻ

## റവ. ഡോ. പോൾ പൂവ്വത്തിങ്കൽ

**കർണ്ണാടക സംഗീതത്തിൽ ഇൻഡ്യയിൽ ആദ്യമായി ഡോക്ടറേറ്റ് കരസ്ഥമാക്കിയ വൈദികൻ.**

**ഡോ. കെ. ജെ. യേശുദാസിൻെറ ശിഷ്യൻ**

**ക്ലാസ്സിക്കൽ ഗാനത്തോടെ വിശുദ്ധ കുർബ്ബാന**

**സംഗീത കച്ചേരി**

**പ്രൊഫഷണൽ കലാകാരികളുടെ നൃത്തം**

**2006 ജൂൺ 24 ശനിയാഴ്ച വൈകുന്നേരം 5:30 ന് താഫ്റ്റ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ.**

സംഘാടകർ: മേഴ്സി ഇടിയാലിൽ, ഗ്രേസി വാച്ചച്ചിറ, മേരി ആലുങ്കൽ

# വിശുദ്ധ വാര കർമ്മങ്ങൾ













**ഓശാന:** ഏപ്രിൽ 8 ശനിയാഴ്ച വൈകുന്നേരം 5:00ന് ആഡിസണിൽ കുരുത്തോല വെഞ്ചരിപ്പും ദിവ്യബലിയും. ഏപ്രിൽ 9 ഞായർ വൈകുന്നേരം 5:00 മണിക്ക് ചിക്കാഗോ ഓ.എൽ.വി. സ്കൂൾ ഹാളിൽ കുരുത്തോല വെഞ്ചരിപ്പ്, പള്ളിയിലേക്കു പ്രദക്ഷിണം, ദിവ്യബലിയുടെ ബാക്കി ഭാഗം.

**പെസഹാ വ്യാഴം:** ഏപ്രിൽ 13ന് 9:00 മണിക്ക് ഓ.എൽ.വി. യിൽ കാലുകഴുകൽ ശുശ്രൂഷ, കുർബാന, തുടർന്ന് സ്കൂൾ ഹാളിൽ പെസഹാ അപ്പം മുറിക്കൽ. അപ്പവും പാലും കൊണ്ടുവരുവാൻ സന്മനസ്സുള്ളവർ കൈക്കാരന്മാരെ നേരത്തെ വിവരമറിയിക്കുക.

**ദുഃഖവെള്ളി:** രാവിലെ 9:30 കമ്മ്യൂണിറ്റി സെൻററിൽനിന്ന് ഇൻഡ്യാനായിലേക്ക് യാത്ര തിരിക്കുന്നു. മതബോധന സ്കൂളിലെ കുട്ടികൾക്ക് മതാദ്ധ്യാപകരുടെയും മാതാപിതാക്കളുടെ പ്രതിനിധികളുടെയും നേതൃത്വത്തിൽ പ്രത്യേക ക്രമീകരണം ഉണ്ടായിരിക്കും. ഇൻഡ്യാനായിലെ ആശ്രമ ദൈവാലയത്തിൽ കുമ്പസാരം, ധ്യാന പ്രസംഗം, കുരിശിൻെറ വഴി എന്നിവയ്ക്കുശേഷം കമ്മ്യൂണിറ്റി സെൻററിൽ ഉച്ചഭക്ഷണം. വിലാസം: Carmelite Fathers, 1628 Ridge Road, Munster, Indiana 46321.

രാത്രി 9:00 മണിക്ക് ഓ.എൽ.വി. പള്ളിയിൽ ദുഖവെള്ളിയുടെ തിരുക്കർമ്മങ്ങൾ.

**ഉയർപ്പു തിരുന്നാൾ:** ഏപ്രിൽ 15 ശനി രാത്രി 10:30ന് ഓ.എൽ.വി. പള്ളിയിൽ ആഘോഷമായ ഈസ്റ്റർ തിരുക്കർമ്മങ്ങൾ. പിറ്റേന്നു ഞായറാഴ് കുർബാന ഉണ്ടായിരിക്കുന്നതല്ല.

# പരസ്യങ്ങൾ സ്വാഗതം ചെയ്യുന്നു

**മരണ വാർഷികം, വിവാഹ വാർഷികം, ജൂബിലി, ജന്മദിനം തുടങ്ങിയ അവസരങ്ങളിൽ ആശംസ നേർന്നുകൊണ്ടോ ഉപകാരസ്മരണയായോ ബിസിനസ് സംബന്ധമായോ പരസ്യങ്ങൾ നല്കാം.**

### DVDs & CDs OF RELIGIOUS EDUCATION FESTIVAL

DVD video of our Religious Education Festival and Audio CD of Knanaya Migration Ballet held on March 4th at Thaft High School are available. Please purchase your copy for $10 each towards the production cost.

**READERS / LECTORS** നോമ്പു കാലം

| APRIL 8 & 9 | PASSAGE | ADDISION | OLV CHICAGO |
|---|---|---|---|
| 1st Reading | Genesis 49:1-11 | Diana Kanjirathumkal | Ashly Puthenpuraylil |
| 2nd Reading | Zechariah 9:9-10 | Thomas Paicattu | Anupama Puthenpurayil |
| APRIL 15 | | | |
| 1st Reading | Acts 10:34a, 37-43 | NA | Jenny Variath |
| 2nd Reading | 1 Cor. 5:6b-8 | NA | Judy Variath |



## പൊതു മാമ്മോദീസാ മെയ് ആറിന്

മാമ്മോദീസാ നടത്തേണ്ടത് നമ്മുടെ ഇടവക ദൈവാലയത്തിൽ കടമുള്ള ദിവസത്തെ കുർബാനയോടനുബന്ധിച്ചാണല്ലോ. ഇപ്രകാരമുള്ള നാമ്മുടെ ആദ്യത്തെ പൊതു മാമ്മോദീസാ മെയ് ആറാം തീയതി ശനിയാഴ്ച വൈകുന്നേരം അഞ്ചുമണിക്ക് ആഡിസണിലെ കുർബ്ബാനയോടനുബന്ധിച്ചു നടത്തുന്നതാണ്. അന്നു മാമ്മോദീസാ നടത്തുവാനാഗ്രഹിക്കുന്നവർ നേരത്തെ പേരു രജിസ്റ്റർ ചെയ്യേണ്ടതാണ്.

മാസത്തിൽ ഒരു കടമുള്ളദിവസം വീതമേ പൊതു മാമ്മോദീസാ ഉണ്ടായിരിക്കുകയുള്ളു. വിശദ വിവരങ്ങൾക്കു മിഷൻ ഡയറക്ടറുമായി ബന്ധപ്പെടുക.



© J. S. Paluch Co., Inc.




***Jesus did not come to do away with suffering or remove it. He came to fill it with his presence.***

***—Paul Claudel***

Please support our advertisers who make this bulletin available for us. Limited space is available for Classified Advertisements.


**RN Review**

Comprehensive Review
Free make-up classes
Individualized Coaching
Full Length Practice Tests
Convenient location

**ExcelRn**
1460 Renaissance
Ste # 208
Park Ridge IL 60068
Call : (630) 742 7202

**www.excelrn.com**

**Your Advt. Here**

Century 21
Castles By King, Ltd.
7516 Cass Ave. (Brookhaven Plaza)
Darien, Illinois 60561
Business (630) 964-6400
Fax (630) 964-6459
Cell (630) 430-1730



Lukose (Luke) K. Kalladanthyil
Broker
*Each Office is Independently Owned and Operated*



**Jaibu Mathew, E.A.**
ENROLLED TO PRACTICE BEFORE IRS

JAIBU MATHEW KULANGARA
7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com
* Free Electronic Filing * Refund in 24 Hours *

Professional with 11 years experience in catering.

YOU INVITE THE GUESTS, WE DO THE REST
**Malabar**
Catering &Carry-out

Call
WILLIAM GEORGE
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com

CITYWIDE JMW REALTY INC.
4313 W. Irwing Park, Chicago, IL 60641
ALEX MULLAPPALLIL
REALTOR CONSULTANT



Tel: 773-286-6200 * Cell: 847-2089516
Res: 847-679-9431 * Fax: 773-286-9516
Specializing in: Gas Stations, Investments, Commercial, & Residential.
Illinois Residential Mortgage Licensee

COLDWELL BANKER



**MARTIN & MARBRY**
*REALTOR*
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: Zachariah Chacko (Zach)
(A Friendly Realtor)

Find out how much your dream home is worth today?
4632 W. Church St., Skokie, IL 60076
(847) 677-1200 (Business)
(847) 551-7386 (Pager)
(847) 374-5031 (Voice Mail)

**LINCOLNWOOD MORTGAGE SERVICES, INC.**



4039 W. Main St., Skokie, IL 60076
Phone: 847-674-1600
Fax: 847-674-1608
*For all your Mortgage Services*
Please contact: Benny Kuriakose (Kanjiraparayil)
Phone: 847.583.1245, Pager: 773.258.1301.
PURCHASE, REFINANCES, FIXED, ADJUSTABLE
We offer fast approvals

